<u>പതിമൂന്നാം കേരളനിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*35 12.06.2012-ൽ മറുപടിയ്ക്ക്

# <u>കരിമണൽ ലഭിക്കാത്തതുമൂലം ഐ.ആർ.ഇ നേരിടുന്ന പ്രതിസന്ധി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി. പി. അയിഷാപോറ്റി<br>ശ്രീ. എം. എ. ബേബി<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. ബി. സത്യൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കരിമണൽ ഖനനം സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (എ) കരിമണൽ ഖനനം സംബന്ധിച്ച നിലവിലുള്ള നയത്തിൽ മാറ്റം വരുത്തിയിട്ടില്ല. |
| (ബി) കരിമണൽ ലഭിക്കാത്തതിനാൽ ഐ.ആർ.ഇ ലിമിറ്റഡ് പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;<br><br>(സി) ഐ.ആർ.ഇ യുടെ കരിമണൽ ഖനനം സ്തംഭനാവസ്ഥയിലാക്കിയ സമരത്തിനാധാരമായ വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ? | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ പന്മന, ആലപ്പാട്, അയ്യൻവേലിക്കുളങ്ങര വില്ലേജുകളിലെ 180 ഹെക്ടർ സ്ഥലത്ത് 20 വർഷത്തേക്ക് കരിമണൽ ഖനനത്തിന് ഐ.ആർ.ഇ. ലിമിറ്റഡിന് അനുമതി നൽകിയിട്ടുണ്ട്. നീണ്ടകര ഹാർബർ ഏരിയായിൽ നിന്നും തോട്ടപ്പള്ളി സ്പിൽവേ ഏരിയായിൽ നിന്നും കരിമണൽ ശേഖരിച്ച് കൊണ്ടുപോകുന്നതിന് ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്.<br><br>ഇപ്പോൾ ഐ.ആർ.ഇ ലിമിറ്റഡിലെ തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിഹാരം കാണുന്നതിനായി 06/12/2011 ൽ മുഖ്യമന്ത്രി യോഗം വിളിക്കുകയും തൊഴിൽ വകുപ്പുമന്ത്രിയെ തുടർ നടപടികൾക്ക് ചുമതലപ്പെടുത്തുകയും ചെയ്തു. പിന്നീട് തൊഴിൽ വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ഒരു മാസത്തിനുള്ളിൽ കമ്പനി തലത്തിൽ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തി തീരുമാനമെടുക്കാൻ ധാരണയായി. കരിമണൽ ടിപ്പർ ലോറിയിലേക്ക് കയറ്റുന്ന കരാറുകാരുടെ ജോലിക്കാർ, തങ്ങളെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്നും മറ്റും ആവശ്യപ്പെ |

10/4/2012 മുതൽ സമരം ചെയ്യുന്നു. തുടർന്ന് 26/4/2012 ന് ഐ.ആർ.ഇ.എൽ മാനേജ്മെന്റുമായും ട്രേഡ് യൂണിയൻ നേതാക്കളുമായും തൊഴിൽ വകുപ്പുമന്ത്രി ചർച്ച നടത്തി. ചർച്ചയിൽ 70 തൊഴിലാളികളെ ഈ വർഷം സ്ഥിരപ്പെടുത്താമെന്നും തുടർന്നു വരുന്ന 5 വർഷങ്ങളിൽ 50 തൊഴിലാളികളെ വീതം സ്ഥിരപ്പെടുത്താമെന്നും ധാരണയായി. എന്നാൽ തൊഴിലാളികൾ തങ്ങളുടേതല്ലാത്ത കാരണത്താൽ തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ മുഴുവൻ വേതനവും നൽകണമെന്ന ആവശ്യത്തിന്മേൽ ഉറച്ചുനിന്നു. ഈ ആവശ്യം അവരുമായി ഉണ്ടാക്കിയ കരാറിന് വിരുദ്ധമായതിനാൽ മാനേജ്മെന്റ് അംഗീകരിച്ചില്ല. പ്രശ്നം തീർക്കാനുള്ള ശ്രമം തുടരുന്നതാണ്.

സെക്ഷൻ ഓഫീസർ